LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ സിൽക്ക് പാലം

54 [2943] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചേലേമ്പ്രയിലെ പുല്ലിക്കടവ് സിൽക്ക് പാലം നിർമ്മിക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

പുല്ലിക്കടവ് പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. സൈറ്റ് സർവ്വേ പൂർത്തിയായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ തെക്കേടത്ത്കടവ് പാലത്തിന്റെ നിർമ്മാണം

55 [2944] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തെക്കേടത്ത് കടവ് പാലത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) പാലം നിർമ്മാണത്തിന്റെ മതിപ്പുചെലവ് എത്രയാണ്;

(ഡി) പാലം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തെക്കേടത്ത് കടവ് പാലം നബാർഡിന്റെ RIDF-X-Scheme-ൽ ഉൾപ്പെടുത്തി ലോൺ അനുവദിച്ചിട്ടുണ്ട്. ടി പണിക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രീ ക്വാളിഫിക്കേഷനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ദർഘാസ് തീരുമാനമാകുന്ന മുറയ്ക്ക് പാലത്തിന്റെ പണി ആരംഭിക്കാവുന്നതാണ്.

(സി) 290 ലക്ഷം രൂപയാണ് പാലത്തിന്റെ മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പാലം നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ 1996-ൽ ആണ് ആരംഭിച്ചത്.